"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ്- കേരള സംസ്ഥാന സഹകരണ ബാങ്ക്(കേരള ബാങ്ക്)- ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ - പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.7/2026/Co-Op** തീയതി,തിരുവനന്തപുരം, **17-02-2026**

---

പരാമർശം:-
1. സ.ഉ.(കൈ)നം.5/2021/സഹ തീയതി 09.02.2021
2. സ.ഉ.(പി)നം.17/2022/സഹ തീയതി 11.02.2022
3. സഹകരണ സംഘം രജിസ്ട്രാറുടെ 28.06.2025 ലെ RCS/7152/2024-EM(1) നമ്പർ കത്ത്
4. കേരള ബാങ്ക് ചീഫ് ജനറൽ മാനേജരുടെ 19.12.2025 ലെ KSCB/HR/7867/2025- 26 നമ്പർ കത്ത്
5. 28.01.2026 ന് ബഹു സഹകരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്രമം.

**ഉത്തരവ്**

കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01/04/2017 മുതൽ പ്രാബല്യം നൽകി പരാമർശം (1) പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ശമ്പള പരിഷ്കരണത്തിന്റെ കാലാവധി 31/03/2022 ൽ അവസാനിച്ച സാഹചര്യത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത ശുപാർശകളിൻമേൽ കേരള ബാങ്ക് ജീവനക്കാരുമായി ചർച്ച ചെയ്ത് ബോർഡ് തീരുമാനത്തോടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിന്മേൽ ജീവനക്കാരുടെ സംഘടനകളുമായി 28.01.2026 ന് ബഹു സഹകരണ വകുപ്പ് മന്ത്രിയുടെ

അധ്യക്ഷതയിൽ നടത്തിയ യോഗത്തിൽ 45 % ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിച്ച് 7 % വർദ്ധനവ് അനുവദിച്ച് കേരള ബാങ്ക് ജീവനക്കാരുടെ ശംമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിന് തിരുമാനിക്കുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ, കേരള സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ താഴെപ്പറയും വിധം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**i. പ്രാബല്യതീയതി**

ശമ്പള പരിഷ്ക്കരണത്തിന് 01.04.2022 മുതൽ പ്രാബല്യം നൽകാവുന്നതാണ്. 01-04-2022 മുതലുള്ള 5 വർഷമോ, അടുത്ത ശമ്പള പരിഷ്ക്കരണമോ ഇതിലേതാണോ ആദ്യം അതുവരെ ശമ്പള പരിഷ്ക്കരണത്തിന് പ്രാബല്യം നൽകാവുന്നതാണ്.

**ii. പുതുക്കിയ ശമ്പള നിരക്കുകൾ**

സംസ്ഥാന സഹകരണ ബാങ്കിലെ പുതുക്കിയ മാസ്റ്റർ സ്കെയിൽ , നിലവിലുള്ള ശമ്പള സ്ക്കെയിൽ, അവയ്ക്ക് സമാനമായ പരിഷ്ക്കരിച്ച ശമ്പളസ്ക്കെയിൽ എന്നിവ **അനുബന്ധം 1** ആയും, ഹയർഗ്രേഡ് സ്ക്കെയിലുകൾ **അനുബന്ധം II** ആയും ചേർത്തിരിക്കുന്നു .

**iii. ശമ്പള നിർണ്ണയ രീതി**

പരിഷ്ക്കരിച്ച ശമ്പള സ്കെയിലിൽ ശമ്പളം താഴെ പറയുന്ന രീതിയിൽ നിർണ്ണയിക്കുന്നതാണ്.

1. 01.04.2022 ൽ സർവ്വീസിൽ തുടരുന്ന എല്ലാ സ്ഥിരം ജീവനക്കാരും 01.04.2022 മുതൽ പ്രാബല്യത്തിൽ വരുന്ന പരിഷ്ക്കരിച്ച ശമ്പളസ്ക്കെയിലിന്റെ പരിധിയിലായിരിക്കും. 01.04.2022 നോ അതിന് ശേഷമോ സർവ്വീസിൽ പ്രവേശിക്കുന്നവർ പരിഷ്ക്കരിച്ച ശമ്പളസ്ക്കെയിലിൽ സർവ്വീസിൽ പ്രവേശിച്ചതായി കണക്കാക്കാവുന്നതാണ്.

2. നിലവിലെ ശമ്പളം എന്നത് 01.04.2022 ലെ അടിസ്ഥാന ശമ്പളം, 01.04.2022 ന് ലഭിക്കേണ്ട ഇൻക്രിമെന്റ് ഉണ്ടെങ്കിൽ ആയത് ഉൾപ്പെടെയുള്ളതാണ്. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകളും ഇതിനായി കണക്കാക്കാവുന്നതാണ്.

3. ഉപഖണ്ഡിക മുകളിൽ (2) ന്റെ 45% ക്ഷാമബത്ത

4. ഉപഖണ്ഡിക മുകളിൽ (2) ലെ അടിസ്ഥാന ശമ്പളവും, ഉപഖണ്ഡിക (3) ലെ ക്ഷാമബത്തയും ചേർത്ത തുകയുടെ 7% ഫിറ്റ്മെന്റ് ആനുകൂല്യം

5. പൂർത്തിയാക്കിയ ഓരോ വർഷത്തിനും, 0.5 % എന്ന കണക്കിൽ പരമാവധി അടിസ്ഥാന ശമ്പളത്തിന്റെ 12% തുക (ഉപ ഖണ്ഡിക മുകളിൽ (2) ന്റെ) സർവീസ് വെയിറ്റേജായും കണക്കാക്കേണ്ടതാണ്.

6. ഉപഖണ്ഡിക മുകളിൽ (2) + (3) + (4) + (5) പ്രകാരം കൂട്ടി കിട്ടിയ തുക പരിഷ്ക്കരിച്ച ശമ്പള സ്കെയിലിലെ ഒരു സ്റ്റേജാണെങ്കിൽ അതിലും അല്ലെങ്കിൽ തൊട്ടടുത്ത ഉയർന്ന സ്റ്റേജിലും ശമ്പള നിർണ്ണയം നടത്തേണ്ടതാണ്.

7. ഇപ്രകാരം ലഭിക്കുന്ന തുക പുതിയ ശമ്പള സ്കെയിലിലെ പരമാവധി തുക അധികരിക്കുകയാണെങ്കിൽ പുതുക്കിയ ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ ശമ്പളം നിർണ്ണയിക്കേണ്ടതും, അധികമായി വരുന്ന തുക പേഴ്സണൽ പേ ആയി നിലനിർത്തേണ്ടതും, ആയത് തുടർന്ന് ലഭിക്കുന്ന ഇൻക്രിമെന്റിൽ ലയിപ്പിക്കുവാൻ പാടില്ലാത്തതുമാണ്. ഈ പേഴ്സണൽ പേ എല്ലാ ആനുകൂല്യങ്ങൾക്കും അതായത് തുടർന്നുള്ള ശമ്പള നിർണ്ണയത്തിനും ലീവ് സാലറിക്കും, ക്ഷാമബത്തയ്ക്കും പെൻഷനും കണക്കാക്കാവുന്നതാണ്.

8. പ്രാഥമിക സംഘങ്ങളിൽ നിന്നും മുൻ ജില്ലാ സഹകരണ ബാങ്കുകളിൽ( നിലവിൽ കേരള ബാങ്ക്) നിയമനം നേടിയവർക്ക് അധിക ഇൻക്രിമെന്റ് അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച് ശമ്പള പരിഷ്ക്കരണം നടത്താൻ കഴിയില്ല .എന്നാൽ ശമ്പളം നിർണ്ണയിച്ച ശേഷം അധിക ഇൻക്രിമെന്റ് നേരത്തെ അനുവദിച്ച നിരക്കിൽ അനുവദിക്കാവുന്നതാണ്.

## IV. ഇൻക്രിമെന്റ്

01.04.2022 ന് ശേഷം ഏത് തീയതിയിലാണോ ഇൻക്രിമെന്റ് ലഭിക്കേണ്ടത് അതേ തീയതിയിൽ തന്നെ ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണ്.

## V. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്

പരമാവധി 5 സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ്. ആയതിൽ 4 എണ്ണം വാർഷിക അടിസ്ഥാനത്തിലും അഞ്ചാമത്തേത് രണ്ട് വർഷം കഴിഞ്ഞുമാണ് അനുവദിക്കുന്നത്. എന്നാൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിച്ച ശേഷമുള്ള

അടിസ്ഥാന ശമ്പളം ബന്ധപ്പെട്ട മാസ്റ്റർ സ്കെയിലിലെ ഉയർന്ന നിരക്കിൽ (higher maximum) അധികരിക്കുവാൻ പാടില്ല.

**Vi. ക്ഷാമബത്ത**

01.04.2022 ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 45% ക്ഷാമബത്ത ലയിപ്പിച്ച ശേഷം തുടർന്നുള്ള ക്ഷാമബത്ത നിരക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിക്കുന്നതാണ്.

**01.04.2022 - 32%; 01.07.2022 - 36%; 01.01.2023 - 40%; 01.07.2023 - 44%**

**Vii. വീട്ടു വാടക ബത്ത (HRA)**

പരിഷ്ക്കരിച്ച ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 12% (പരമാവധി 8500/- രൂപ) വീട്ടുവാടക അലവൻസായി അനുവദിക്കാവുന്നതാണ്. ബാങ്കിന്റെ ഭരണപരമായ പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനായി സ്ഥലംമാറ്റം, നിയമനം എന്നിവയിലൂടെ സ്വന്തം ജില്ലയിൽ നിന്ന് മാറി ജോലി ചെയ്യുന്ന അസിസ്റ്റന്റ് മാനേജർ തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് lease rent allowance ബാധകമാക്കാവുന്നതാണ്. നിയമിക്കപ്പെടുന്ന /സ്ഥലമാറ്റപ്പെടുന്ന സ്ഥലത്ത് ഒരു വീട്/ഫ്ലാറ്റ്/കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനും പാട്ടക്കരാർ /കരാറിന്റെ പകർപ്പ് ഹാജരാക്കുന്നപക്ഷം പ്രസ്തുത അലവൻസ് അനുവദിക്കാവുന്നതാണ്. പുതുക്കിയ Lease Rent Allowance **അനുബന്ധം IV** ചേർത്തിരിക്കുന്നു

**VIII. മെഡിക്കൽ അലവൻസ്**

സംസ്ഥാന സഹകരണ ബാങ്കിൽ മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയിട്ടുള്ളതിനാൽ മെഡിക്കൽ അലവൻസ് പ്രത്യേകം അനുവദിക്കുന്നില്ല.

**IX. ഗ്രേഡ് പ്രൊമോഷൻ**

സംസ്ഥാന സഹകരണ ബാങ്കിലെ 8,16,23,28 വർഷങ്ങൾ സേവനം പൂർത്തിയാക്കുന്ന സബ് സ്റ്റാഫ് വിഭാഗത്തിനും , പാർട്ട്-ടൈം ജീവനക്കാർക്കും, 4 ഹയർ ഗ്രേഡുകളും, മറ്റു വിഭാഗങ്ങൾക്ക് **8** വർഷത്തെ സേവനത്തിന് ഒരു ഗ്രേഡും, 15 വർഷത്തെ സേവനത്തിന് രണ്ടാമത്തെ ഹയർഗ്രേഡും, 22 വർഷത്തെ സേവനത്തിന് മുന്നാമത്തെ ഹയർഗ്രേഡും എന്ന നിലയിൽ മുന്ന് ഹയർ ഗ്രേഡുകൾ അനുവദിക്കാവുന്നതാണ്.

**X അധിക യോഗ്യത ഇൻക്രിമെന്റ്**

സംസ്ഥാന സഹകരണ ബാങ്കിൽ പല തസ്തികകളിലേക്കും നേരിട്ടുള്ള നിയമനത്തിന് എം.ബി.എ /എം.സി.എ അവശ്യ യോഗ്യതകൾ ആണ്. ആയതിനാൽ അത്തരം തസ്തികകളിൽ എം.ബി.എ/എം.സി.എ എന്നീ യോഗ്യതകൾക്ക് അധിക യോഗ്യതയ്ക്കുള്ള അഡീഷണൽ ഇൻക്രിമെന്റ് അനുവദിക്കേണ്ടതില്ല.

CAIIB Part I -ന് ഒരു ഇൻക്രിമെന്റും CAIIB Part II -ന് രണ്ട് ഇൻക്രിമെന്റും അനുവദിക്കുന്ന വിഷയം അനോമലിയായി പരിഹരിച്ച് ഉത്തരവായതിനാൽ ആയത് അനുവദിച്ചു നൽകുന്നു. IIBF നടത്തുന്ന യോഗ്യതാ പരീക്ഷ പാസാകുന്നവരെ മാത്രമേ ഇൻക്രിമെന്റിന് പരിഗണിക്കുകയുള്ളു.

**XI. ഓപ്ഷൻ**

സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിൽ ഓപ്ഷൻ ഒഴിവാക്കി പ്രാബല്യത്തീയതി തന്നെ മുഴുവൻ ജീവനക്കാരുടേയും ശമ്പള നിർണ്ണയം നടപ്പിലാക്കാവുന്നതാണ്. അതിനാൽ ഓപ്ഷന് അവസരം ഉണ്ടാകുന്നതല്ല.

**XII. ലീവ് ട്രാവൽ കൺസഷൻ (LTC)**

പുതുക്കിയ Lease Travel Concession **അനുബന്ധം V** ആയി ചേർത്തിരിക്കുന്നു

**XIII. ട്രാവലിംഗ് അലവൻസ് ( Traveling Allowance)**

പുതുക്കിയ Traveling Allowance **അനുബന്ധം VI** ആയി ചേർത്തിരിക്കുന്നു

**XIV. അലവൻസുകൾ**

പുതുക്കിയ അലവൻസുകൾ **അനുബന്ധം III** ആയി ചേർത്തിരിക്കുന്നു.

**XV.** കേരള ബാങ്കിൽ പാർട്ട് ടൈം കണ്ടിജന്റ് (PTC) തസ്തികയിൽ ഗ്രേഡ് സ്റ്റെയിൽ തുടരുന്ന ജീവനക്കാർക്ക് ഫുൾ കണ്ടിജന്റ് (FTC) തസ്തകയിലേക്ക് പ്രൊമോഷൻ ലഭിക്കുമ്പോൾ ഫിക്സേഷൻ അനുവദിക്കുന്നതാണ്.

**XVI.** പി എസ് സി വഴി കേരള ബാങ്കിൽ 01.04.2017 മുതൽ 09.02.2021 വരെ സബ് സ്റ്റാഫ്, ഡ്രൈവർ, ക്ലാർക്ക്/കാഷ്യർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ ,സ്റ്റെനോ ടൈപ്പിസ്റ്റ് ,ടെലെക്സ് ഓപ്പറേറ്റർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് 2

ഇൻക്രിമെന്റും, ഇതേ കാലയളവിൽ ജോലിയിൽ പ്രവേശിച്ച ബ്രാഞ്ച് മാനേജർമാർക്ക് ഒരു ഇൻക്രിമെന്റും മുൻ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അനുവദിക്കാവുന്നതാണ്.

**XVII.** മുൻ മലപ്പുറം ജില്ലാ ബാങ്ക് ജീവനക്കാർക്ക് നിലവിൽ സുപ്രീംകോടതി ഫയൽ ചെയ്തിട്ടുള്ള കേസിന്റെ അന്തിമ തീർപ്പിന് വിധേയമായും കേഡർ ഇന്റഗ്രേഷൻ പൂർത്തിയാക്കിയും ശമ്പളപരിഷ്ക്കരണം നടപ്പാക്കാവുന്നതാണ്.

**XVIII.** ശംമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള **Arrear** തുകകൾ രണ്ട് ഗഡുക്കളായി ജീവനക്കാർക്ക് അനുവദിക്കാവുന്നതാണ്.

**XIX.** കേരള സംസ്ഥാന സഹകരണ ബാങ്കിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശകളിന്മേൽ ഭരണസമിതി പുതിയ സ്കെയിലിൽ ശമ്പളം നിർണ്ണയിച്ച് നൽകേണ്ടതാണ്. ഇപ്രകാരം ശമ്പളം നിർണ്ണയിച്ചുത്തരവാകുന്നതിന് മുമ്പായി ശമ്പളവും അലവൻസുകളും നിർണ്ണയിച്ചിട്ടുള്ളത് ശരിയാണെന്ന് ബാങ്കിലെ കൺകറന്റ് ആഡിറ്റർമാർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

**XX.** ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിന് മുമ്പ്, മുൻ ശമ്പള പരിഷ്ക്കരണങ്ങളിൽ ശമ്പളം നിർണ്ണയിച്ചപ്പോൾ തെറ്റായി കണക്കാക്കിയത് മൂലമോ, ശമ്പള ഫിക്സേഷൻ ചട്ടങ്ങൾ തെറ്റായി വ്യാഖ്യാനിച്ചത് മൂലമോ നടത്തിയ ശമ്പള നിർണ്ണയം പുനർക്രമീകരിച്ച് അധികം വാങ്ങിയിട്ടുള്ള തുക തിരിച്ചു പിടിക്കുന്നതാണ്.

**XXI.** ശമ്പളവും അലവൻസുകളും നിർണ്ണയിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുകയാണെങ്കിൽ അത്തരം സംശയങ്ങൾ സഹകരണ സംഘം രജിസ്ട്രാർ ദൂരീകരിക്കേണ്ടതാണ്. ഇപ്രകാരം രജിസ്ട്രാർ മുമ്പാകെ ബാങ്ക് ഉന്നയിക്കുന്ന സംശയങ്ങൾ ആവശ്യമെങ്കിൽ രജിസ്ട്രാർ സർക്കാരിലേക്ക് അയച്ച് സംശയ നിവ◌ൃത്തി വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
**#ApprovedByDesignation#**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്

പ്രിൻസിപ്പൽ ആക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ബി4/138/2024/സഹ)

ഉത്തരവിൻ പ്രകാരം
Signed by
Priyanka T V
Date: 18-02-2026 10:21:27

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.